**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- മലപ്പുറം ജില്ലയിലെ തുവ്വൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.ശശികുമാർ.കെ യുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**2596/2018/തസ്വഭവ** തീയതി, തിരുവനന്തപുരം, **09/10/2018**

പരാമർശം : 1. സ.ഉ (കൈ) നം. 224/ഇപിഎ 1/2014/തസ്വഭവ, തീയതി 12.12.2014.

2. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.03.2018 ലെ ഡി3-912/13 നമ്പർ നടപടിക്രമം.

3. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 09.02.2015 ലെ ഡി3-22354/14 നമ്പർ നടപടിക്രമം.

4. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2018, 05.09.2018 എന്നീ തീയതികളിലെ ഇ 6-15217/18 നമ്പർ കത്തുകൾ.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തുവ്വൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.ശശി കുമാർ.കെ യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ.ശശി കുമാർ.കെ വികലാംഗർക്കു വേണ്ടിയുള്ള പ്രത്യേക നിയമനത്തിലൂടെ ജില്ലാ കളക്ടറുടെ ലിസ്റ്റിൽ നിന്നും 10.07.1998 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൻ ജനിച്ചത് 28.01.1968 ൽ ആണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (3) പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 10.07.2000 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു. ടിയാന് 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും പരാമർശം (2) പ്രകാരം ഒഴിവാക്കി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവായിരുന്നു.

3. ശ്രീ.ശശി കുമാർ.കെ യ്ക്ക് 27.01.2018 ൽ 50 വയസ്സ് പൂർത്തിയായതിനാൽ തൊട്ടടുത്ത ദിവസമായ 28.01.2018 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ

നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 29.01.2018 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിയ്ക്കണമെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി... ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.ശശി കുമാർ.കെ യ്ക്ക് 50 വയസ്സ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസമായ 28.01.2018 FN ന് ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 10.07.2001 മുതൽ 29.01.2018 AN വരെ കെ. എസ് & എസ്. എസ്.ആർ, ഭാഗം 2, ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ.ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

സെക്രട്ടറി, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്താഫീസ്, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 149/ഇപിഎ 1/2018/തസ്വഭവ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ